ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചത് 5-5-2000-ൽ. കൈയേറിയ സ്ഥലത്ത് സ്റ്റോക്ക് ചെയ്തിട്ടുള്ള സൈമൺ സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ തടികൾ നീക്കം ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ഈ നോട്ടീസിനെതിരെ പ്രസ്തുത സ്ഥാപനം WPC 16421/2004 പ്രകാരം കോടതിയിൽ Writ ഫയൽ ചെയ്തിട്ടുണ്ട്. Writ തീരുമാനം ആയിട്ടില്ല.

(സി) കൈയേറിയ സ്ഥലത്തിന്റെ ഒരു ഭാഗം സൈമൺ സെന്റ് ജോസഫ് വുഡ് ഇൻഡസ്ട്രീസിന് റവന്യൂ വകുപ്പ് (തഹസീൽദാർ) പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ഡി) പാട്ടത്തിന്റെ കാലാവധി ഒരു വർഷമായിരുന്നു.

തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുലശേഖരം പാലത്തിന്റെ നിർമ്മാണം

165 [2236] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കുകളെ ബന്ധിപ്പിക്കുന്ന കുലശേഖരം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പാലം നിർമ്മാണത്തിന്റെ മതിപ്പ് ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പാലം നിർമ്മാണത്തിന്റെ ടെണ്ടർ വിളിക്കാനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ നടപ്പിലാക്കുമോ?

ഉത്തരം

(എ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 300 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി ദർഘാസ് ക്ഷണിക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പാരലൽ ട്യൂട്ടോറിയൽ കോളേജുകളിലെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി

166 [2273] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ, ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഇപ്പോൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) പാരലൽ, ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രീഡിഗ്രി നിലവിലുണ്ടായിരുന്നപ്പോൾ എല്ലാ എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിഭാഗങ്ങൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നാൽ പ്ലസ് ടു നിലവിൽവന്നശേഷം എസ്.റ്റി./ഒ.ഇ.സി. (അദർ എലിജിബിൾ കാറ്റഗറി)-ക്ക് മാത്രം ഈ ആനുകൂല്യം നൽകിവരുന്നു.

എസ്.സി./ഒ.ഇ.സി. വിഭാഗത്തിനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശാസ്ത്ര-സാങ്കേതിക ശാസ്ത്ര ബിരുദ വിദ്യാർത്ഥികൾക്ക് വിദേശ തൊഴിൽ മേഖലയിൽ നിന്ന് പിൻതള്ളപ്പെടാതിരിക്കാൻ മുൻകരുതൽ

167 [2283] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ കെ. എ. ചന്ദ്രൻ:
„ എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാന രംഗത്തുണ്ടാകുന്ന ആനുകാലിക പ്രവണതകളെപ്പറ്റി വിദ്യാർത്ഥികൾക്ക് മതിയായ അറിവ് നൽകുന്നതിന് നമ്മുടെ സർവ്വകലാശാലകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly